(സി) ഇ. എസ്. ഐ.-ലേക്ക് സൊസൈറ്റി എന്ത് തുക അടയ്ക്കുവാനുണ്ട്;

(ഡി) ഈ തുക ഇളവ് ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) നിവേദനം ലഭിച്ചിട്ടുണ്ട്. ഇത് പരിശോധിച്ചു വരുകയാണ്.

(സി) 1,82,977 രൂപയും 1-4-2000 മുതലുള്ള പലിശയും അടയ്ക്കാനുണ്ട്.

(ഡി) അപേക്ഷ പരിശോധിച്ച് ഉചിതമായ തീരുമാനം എടുക്കുന്നതാണ്.

വർദ്ധിച്ചു വരുന്ന ഇരുചക്ര വാഹനാപകടങ്ങൾ

89 [2226] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇരുചക്രവാഹന അപകടങ്ങൾ ഗണ്യമായി വർദ്ധിച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് ഒഴിവാക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അപകടനിരക്ക് കുറയ്ക്കുന്നതിന് മോട്ടോർ വാഹന വകുപ്പിന്റെ കീഴിലുള്ള മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ ഫ്ളെയിംഗ് സ്ക്വാഡുകൾ, സ്പീഡ് ട്രെയ്സർ മുതലായവ ഉപയോഗിച്ച് പരിശോധന നടത്തുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. കൂടാതെ മദ്യപിച്ചും അശ്രദ്ധമായും വാഹനമോടിക്കുന്നതിനെതിരെയും നടപടികൾ സ്വീകരിക്കുന്നുണ്ട്. ബോധവൽക്കരണ ക്ലാസുകൾ, സെമിനാറുകൾ മുതലായവ സംഘടിപ്പിക്കുകയും ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്. കൂടാതെ ഇരുചക്രവാഹനാപകടങ്ങൾ കൂടുതലും ശിരസ്സിനേൽക്കുന്ന ക്ഷതം മൂലമാകയാൽ ഹെൽമെറ്റ് ധരിക്കേണ്ടുന്നതിന്റെ പ്രാധാന്യത്തിനും മുൻതൂക്കം നൽകിയും ബോധവൽക്കരണ ക്ലാസുകൾ നടത്തിവരുന്നു.

കെ. എസ്. ആർ. ടി സി. ആരംഭിച്ച മിനിബസ്സ് സർവ്വീസുകൾ

90 [2227] ശ്രീ. ഉമേഷ് ചള്ളിയിൽ:
,, കെ. കെ. ഷാജു:
,, എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ. എസ്. ആർ. ടി. സി. ആരംഭിച്ച മിനിബസ്സ് സർവ്വീസുകൾ ഉൾനാടൻ റൂട്ടുകളിലെ യാത്രക്കാർക്ക് ഉപകാരപ്രദമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly